കേരളസർക്കാർ
പൊതു വിദ്യാഭ്യാസ വകുപ്പ്

കേരള സംസ്ഥാന
സാക്ഷരതാമിഷൻഅതോറിറ്റി

# പ്രോസ്പെക്ടസ്

# 2017-18

**പച്ചമലയാളം**

**ഗുഡ് ഇംഗ്ലീഷ്**

**അച്ഛീ ഹിന്ദി**

**സർട്ടിഫിക്കറ്റ് കോഴ്സുകൾ**

## ആമുഖം

കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി. ബഹുമുഖങ്ങളായ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് സാക്ഷരതാമിഷൻ നടത്തിവരുന്നത്. അടിസ്ഥാന സാക്ഷരതാ പരിപാടി, നാല്, ഏഴ്, പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകൾ, വരുമാന വർദ്ധക പരിപാടികൾ, ബോധവത്കരണ പരിപാടികൾ, കലാസാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയാണ് സാക്ഷരതാമിഷൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ. ഇതോടൊപ്പം, പരിസ്ഥിതി സാക്ഷരതാ പരിപാടി, ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള സാക്ഷരതാപരിപാടി, ട്രാൻസ്ജൻഡേഴ്സിനു വേണ്ടിയുള്ള തുടർവിദ്യാഭ്യാസ പദ്ധതി തുടങ്ങിയ നൂതന പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു.

സാക്ഷരതാമിഷൻ പുതുതായി ആരംഭിക്കുന്ന മൂന്ന് ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകളാണ് പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി എന്നിവ. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിന് വ്യക്തികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മൂന്ന് സർട്ടിഫിക്കറ്റ ്കോഴ്സുകളും സാക്ഷരതാമിഷൻ ആരംഭിച്ചിരിക്കുന്നത്. ഇവ മൂന്നും വെവ്വേറെ കോഴ്സുകളായാണ് നടത്തുന്നത്. കോഴ്സിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## I. സർട്ടിഫിക്കറ്റ് കോഴ്സുകളുടെ വിശദാംശങ്ങൾ

| നമ്പർ | കോഴ്സിന്റെ പേര് | കാലയളവ് | കോഴ്സ് ഫീസ് |
|---|---|---|---|
| 1 | പച്ച മലയാളം | 4 മാസം | രജിസ്ട്രേഷൻ ഫീസ്– 500<br>കോഴ്സ് ഫീസ് – 2000 |
| 2 | ഗുഡ് ഇംഗ്ലീഷ് | 4 മാസം | രജിസ്ട്രേഷൻ ഫീസ്– 500<br>കോഴ്സ് ഫീസ് 2000 |
| 3 | അച്ഛീ ഹിന്ദി | 4 മാസം | രജിസ്ട്രേഷൻ ഫീസ്– 500<br>കോഴ്സ് ഫീസ് 2000 |

## II. പാഠ്യ വിഷയങ്ങൾ

(a)

| കോഴ്സ് | പാഠ്യവിഷയങ്ങൾ |
|---|---|
| പച്ചമലയാളം | മലയാള ഭാഷ തെറ്റില്ലാതെ കൈകാര്യം ചെയ്യുന്നതിന് ഊന്നൽ |
| | മലയാള ഭാഷയിലും വ്യാകരണത്തിലും സാമാന്യ അറിവിന് പര്യാപ്തമയ പാഠ ഭാഗങ്ങൾ |
| | മലയാള സാഹിത്യത്തെ സംബന്ധിക്കുന്ന സാമാന്യ പരിചയം. |
| | പ്രായോഗിക പരിചയം |
| | മലയാളം കമ്പ്യൂട്ടിങ് |

(b)

| കോഴ്സ് | പാഠ്യവിഷയങ്ങൾ |
|---|---|
| ഗുഡ് ഇംഗ്ലീഷ് (Good English) | Focus on Spoken Communication |
| | Language for common language functions like greeting, requesting, negotiating etc |
| | Centred around the use of language in context |
| | Activity based and learner oriented |
| | Grammar taught indirectly |

(c)

| കോഴ്സ് | പാഠ്യവിഷയങ്ങൾ |
|---|---|
| | ഹിന്ദിഭാഷ സംസാരിക്കുന്നതിന് ഊന്നൽ |

| | |
|---|---|
| അച്ഛീ ഹിന്ദി | |
| | സാമാന്യ ആശയവിനിമയത്തിന് സഹായകമാകുന്ന ഭാഷാശേഷിക്ക് ഊന്നൽ |
| | സാമാന്യ എഴുത്തിന് ആവശ്യമായ വ്യാകരണം |
| | പ്രായോഗിക പരിചയം |

## III. ബോധന രീതി

പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛീഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സുകളുടെ ബോധന രീതി സമ്പർക്ക പഠന ക്ലാസുകളുടെ ഘടനയിലും സ്വഭാവത്തിലുമാണ് നടത്തുന്നത്.

## IV. പഠന സാമഗ്രികൾ

മേൽ സൂചിപ്പിച്ച കോഴ്സുകളിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് അതത് കോഴ്സുകളുടെ പഠന സാമഗ്രികൾ (പുസ്തകം) സാക്ഷരതാമിഷൻ നൽകുന്നതാണ്.

## V. ക്ലാസുകൾ

മേൽ സൂചിപ്പിച്ച ഓരോ കോഴ്സുകൾക്കും നാല് മാസമാണ് കാലയളവ്. ഓരോ കോഴ്സിനും 60 മണിക്കൂർ ക്ലാസുകൾ ഉണ്ടായിരിക്കും. എല്ലാ ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലുമാണ് ക്ലാസുകൾ നടത്തുന്നത്. 50 പഠിതാക്കൾക്ക് ഒരു സമ്പർക്ക പഠനക്ലാസ് എന്ന രീതിയിൽ എല്ലാ ജില്ലകളിലും ക്ലാസുകൾ ക്രമീകരിക്കും. പഠിതാക്കളുടെ എണ്ണത്തിന് അനുസരിച്ച് ക്ലാസുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ബ്ലോക്ക്/മുൻസിപ്പൽ/ഗ്രാമ പഞ്ചായത്ത് തലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യും. ഓരോ കോഴ്സിനും അതത് വിഷയത്തിൽ അക്കാദമിക യോഗ്യതകളുള്ള അധ്യാപകർ ക്ലാസുകൾ എടുക്കും. ക്ലാസിന്റെ സുഗമമായ നടത്തിപ്പിനുള്ള ചുമതല ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ, സെന്റർ കോ-ഓർഡിനേറ്റർമാർ എന്നിവർക്കായിരിക്കും.

## VI. പ്രായപരിധി , അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത

- രജിസ്ട്രേഷൻ സമയത്ത് 17 വയസ്സ് പൂർത്തിയായ ഏവർക്കും ഈ കോഴ്സിൽ ചേരാവുന്നതാണ്.

- ഈ കോഴ്സിനുള്ള പ്രവേശനത്തിന് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ൮–ാം ക്ലാസ് വിജയിച്ചിരിക്കണം.

## VII. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ

### 1. അപേക്ഷിക്കേണ്ട രീതി

അപേക്ഷാഫോറവും പ്രോസ്പെക്ടസും സംസ്ഥാന സാക്ഷരതാമിഷൻ ഓഫീസ്, ജില്ലാ ഓഫീസുകൾ, വികസന/തുടർവിദ്യാകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്. ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകളുടെ വിലാസവും ഫോൺ നമ്പരും അനുബന്ധമായി ചേർത്തിട്ടുണ്ട്.

2. അപേക്ഷാ ഫോറം സാക്ഷരതാ മിഷന്റെ വെബ്സൈറ്റിലും ലഭ്യമാണ്. (www.literacymissionkerala.org)വെബ്സൈറ്റിൽ നിന്നും ഫോറം ഡൗൺലോഡ് ചെയ്ത് അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ ഫീസ്, കോഴ്സ്ഫീസ് എന്നിവ ഡയറക്ടറുടെ പേർക്ക് ഡിമാന്റ് ഡ്രാഫ്റ്റ് ആയി അടയ്ക്കേണ്ടതാണ്.

### 3. കോഴ്സ് ഫീസ് അടയ്ക്കേണ്ട രീതി

അപേക്ഷയോടൊപ്പമുള്ള ചെലാൻ പൂരിപ്പിച്ച് SBI യുടെ ഏതെങ്കിലും ശാഖയിൽ പണം അടയ്ക്കാവുന്നതാണ്. പണം അടയ്ക്കുമ്പോൾ ബാങ്കിൽ നിന്ന് ലഭിക്കുന്ന രസീതിൽ 'KSLMACopy' എന്നെഴുതിയ ചെലാൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. കോഴ്സ് ഫീസ് മറ്റ് ദേശസാൽകൃത ബാങ്കുകളിൽ അടയ്ക്കുകയാണെങ്കിൽ ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം എന്ന പേരിൽ ഡി.ഡി.(ഡിമാന്റ് ഡ്രാഫ്റ്റ്) എടുത്ത് അപേക്ഷയോടൊപ്പം നൽകാവുന്നതാണ്.

### 4. നിർദ്ദേശങ്ങൾ

(1) ബാങ്കിൽ നിശ്ചിത ഫിസടച്ച ചെലാൻ/ഡി.ഡി. അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

(2) ജനന തീയതി തെളിയിക്കുന്നതിന് പഠിച്ചിരുന്ന വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്/ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ജനന സർട്ടഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

(3)ഒരു ബാച്ചിൽ ഒരു കോഴ്സിനു മാത്രമെ ഒരാൾക്ക് അഡ്മിഷൻഅനുവദിക്കുകയുള്ളു.

(4) വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പ്, അപേക്ഷയിൽ പതിക്കുന്ന ഫോട്ടോ എന്നിവ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം

(5) അപേക്ഷഫോറം പൂരിപ്പിക്കുന്നതിന് മുമ്പായി പ്രോസ്പെക്ടസിലെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്. അപൂർണ്ണവും തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.

(6) അപേക്ഷയോടൊപ്പം അനുബന്ധ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മാത്രം സമർപ്പിക്കുക.

(7) പൂരിപ്പിച്ച അപേക്ഷകൾ നിശ്ചിത തീയതിക്കുള്ളിൽ അതതു ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിലേക്കോ സംസ്ഥാന സാക്ഷരതാ മിഷൻ ഓഫീസിലേക്കോ (ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, റ്റി സി നം.27/1461, കമ്മട്ടം ലെയ്ൻ, കോൺവെന്റ് റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം–35) നേരിട്ട് നൽകുകയോ തപാൽ മുഖേന അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

VIII. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി

2017 നവംബർ 30 വൈകുന്നേരം 5 മണി.